പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1907

7.3.2017 ൽ
മറുപടി പറയേണ്ടിയിരുന്നത്

## എം.എൽ.എ. ഹോസ്റ്റലിന് പിന്നിൽ നീന്തൽക്കുളം

ചോദ്യം

ശ്രീ. കെ.എം. ഷാജി

മറുപടി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

എ) എം.എൽ.എ. ഹോസ്റ്റലിന്റെ പുറകുവശത്തെ മതിലിനോട് ചേർന്ന് നീന്തൽക്കുളം പണിയുന്നതിന് ആഭ്യന്തര വകുപ്പിന് ഉദ്ദേശ്യമുണ്ടോ ;

ബി) പ്രസ്തുത നിന്തൽക്കുളത്തിന്റെ നിർമ്മാണത്തിന് എവിടെനിന്നെല്ലാം അനുമതി ആവശ്യമായിട്ടുണ്ട് ; പ്രസ്തുത അനുമതി എല്ലാ ലഭിച്ചിരുന്നോ ; എങ്കിൽ അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

സി) ഹോസ്റ്റലിനോട് ചേർന്നുള്ള ഇത്തരമൊരു നീന്തൽക്കുളത്തിന് നിയമസഭ സെക്രട്ടേറിയറ്റിൽ നിന്ന് അനുമതി ആവശ്യമായിട്ടുണ്ടോ ; എങ്കിൽ അത് ലഭ്യമായിട്ടുണ്ടോ ;

ഡി) ഈ നിർമ്മാർണത്തിന് ദുരന്തനിവാരണ സമിതിയുടെ പരിശോധനയോ അനുമതിയോ ആവശ്യമായിട്ടുണ്ടോ ; എങ്കിൽ അത് ലഭ്യമായിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കുമോ ;

ഇ) ഇതിന്റെ നിർമ്മാണച്ചെലവ് എത്രയാണ് ; നിർമ്മാണച്ചുമതല ആർക്കാണ് ; വിശദവിവരം നൽകുമോ ?

(എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും ആഭ്യന്തര വകുപ്പിന് ഉദ്ദേശ്യമില്ല. എന്നാൽ കേരള പോലീസ് സ്പോർട്സ് ആന്റ് യൂത്ത് വെൽഫെയർ സൊസൈറ്റിയുടെ മേൽനോട്ടത്തിലാണ് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയവും അനുബന്ധ കായിക സൗകര്യവും ഉൾപ്പെടുന്നത്. കേരളാ സ്പോർട്സ് കൗൺസിൽ, നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ്, ജയിൽ വകുപ്പ് എന്നിങ്ങനെ വിവിധ ഏജൻസികളുമായി സഹകരിച്ചുകൊണ്ടാണ് ടി സ്ഥലത്ത് വിവിധ സ്പോർട്സ് സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുള്ളത്. സ്റ്റേഡിയത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റേഡിയത്തിൽ ലഭ്യമായ സ്ഥലത്ത് നീന്തൽക്കുളം നിർമ്മിക്കുന്നതിന് 25.8.2016 ൽ കൂടിയ കേരള പോലീസ് സ്പോർട്സ് ആന്റ് യൂത്ത് വെൽഫെയർ സൊസൈറ്റിയുടെ ഭരണ നിർവ്വഹണ സമിതി യോഗം തീരുമാനം എടുക്കുകയും ആയതിനുവേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ നടത്താൻ സ്റ്റേഡിയം മാനേജിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ടി സ്ഥലത്ത് നിലവിലുള്ള നിയമപ്രകാരം ആവശ്യമുള്ള എല്ലാ ഏജൻസികളിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിന് തുടർനടപടി കൈക്കൊള്ളേണ്ടത് കേരള പോലീസ് സ്പോർട്സ് ആന്റ് യൂത്ത് വെൽഫെയർ സൊസൈറ്റി ആണ്. സൊസൈറ്റി പ്രതീക്ഷിക്കുന്ന നിർമ്മാണ ചെലവ് 1,05,07,571/- രൂപയാണ്. നിർമ്മാണ ചുമതല സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിനാണ്.

സെക്ഷൻ ഓഫീസർ